# തിരുവനന്തപുരം സിറ്റി പോലീസ്

## കോവിഡ്-19

**വിലക്ക് ലംഘനം: 193 പേർക്കെതിരെ നിയമ നടപടി**

**30,600/- രൂപ പിഴ ഈടാക്കി**

തിരുവനന്തപുരം:- കോവിഡ് രോഗവ്യാപനം അതിരൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സിറ്റി പോലീസ് ഇന്നലെ (13-10-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 193 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 30 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 147 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 6 പേരിൽ നിന്നുമായി 30,600/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 4 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 6 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.